അടിസ്ഥാന വിവരങ്ങൾ

| | | | |
|---|---|---|---|
| 1. | വിദ്യാലയത്തിന്റെ പേര് | : | ആർ.സി.എൽ.പി.എസ്. കല്ലിയിൽ |
| | വിലാസം | : | പെരിങ്ങമ്മല, കല്ലിയൂർ പി.ഒ. |
| | | | തിരുവനന്തപുരം - 695042 |
| 2. | സ്കൂൾ കോഡ് | : | 43223 |
| 3. | വിദ്യാഭ്യാസ ഉപജില്ല | : | തിരുവനന്തപുരം സൗത്ത് |
| 4. | വിദ്യാഭ്യാസ ജില്ല | : | തിരുവനന്തപുരം |
| 5. | റവന്യൂ ജില്ല | : | തിരുവനന്തപുരം |
| 6. | ബി.ആർ.സി. | : | തിരുവനന്തപുരം സൗത്ത് |
| 7. | സി.ആർ.സി | : | കല്ലിയൂർ |
| 8. | ഗ്രാമപഞ്ചായത്ത് | : | കല്ലിയൂർ (16-ാം വാർഡ്) |
| 9. | ബ്ലോക്ക് പഞ്ചായത്ത് | : | നേമം |
| 10. | ജില്ലാ പഞ്ചായത്ത് | : | തിരുവനന്തപുരം |
| 11. | നിയമസഭാ മണ്ഡലം | : | കോവളം |
| 12. | താലൂക്ക് | : | തിരുവനന്തപുരം |
| 13 | ഇമെയിൽ | : | rclpskalliyil@gmail.com |

ഉള്ളടക്കം


അടിസ്ഥാന വിവരങ്ങൾ

ആമുഖം

വിദ്യാലയ ചരിത്രം

കാഴ്ചപ്പാട്

പൊതുലക്ഷ്യങ്ങൾ

അവസ്ഥാ വിശകലനം

പ്രവർത്തന കലണ്ടർ

ഓരോ പ്രവർത്തനത്തിന്റെയും വിശദാംശം

ഉപസംഹാരം

# ആമുഖം

ഒരു വിദ്യാർത്ഥിയുടെ സമഗ്രമായ വളർച്ചയാണ്
വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യം വയ്ക്കുന്നത്. അനുദിനം
മാറിക്കൊണ്ടിരിക്കുന്ന ഈ ലോകത്തിൽ അറിവുകളും
മൂല്യങ്ങളും ആർജ്ജിച്ചു കൊണ്ട് മുന്നേറുവാൻ
അത് ഒരു വ്യക്തിയെ പ്രാപ്തനാക്കുന്നു. വിദ്യാർ-
ത്ഥിയുടെ വളർച്ചയിൽ പൊതുവിദ്യാലയങ്ങളുടെ
പങ്ക് നിസ്സാരമല്ല. വിദ്യാർത്ഥികളുടെ ക്ഷേമത്തിനും
വളർച്ചയ്ക്കുമായി പല പ്രവർത്തനങ്ങളും വിദ്യാ-
ഭ്യാസ വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്.
വർണ്ണ വിവേചനം, ലിംഗസമത്വം, ഗുണമേന്മയുള്ള
വിദ്യാഭ്യാസം, ഉച്ചഭക്ഷണം എന്നിവയെല്ലാം തന്നെ
വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് ഉറപ്പ് നൽകുന്നുണ്ട്.
മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി ഇന്ന്
പൊതുവിദ്യാലയങ്ങൾ അക്കാദമിക രംഗത്തും
ഭൗതികരംഗത്തും ഏറെ മുന്നേറ്റങ്ങൾ നടത്തി
ക്കൊണ്ടിരിക്കുന്നു. ഇനിയും ബഹുദൂരം മുന്നേറാനുണ്ട്.

ഈ മുന്നേറ്റം കുറെക്കൂടി ശക്തമാകു-
ന്നതിന് എല്ലാ വിദ്യാലയങ്ങൾക്കും അവരുടേതായ
രീതിയിലുള്ള ആസൂത്രണവും മാർഗ്ഗരേഖയും നിർബന്-
ധമാണ്. ഓരോ വിദ്യാലയത്തിന്റെയും സാഹചര്യങ്ങൾ
അനുസരിച്ചുള്ള പ്രവർത്തനങ്ങൾ തയ്യാറാക്കിയാൽ
മാത്രമേ ഈ മുന്നേറ്റം സാധ്യമാകുകയുള്ളൂ.

# വിദ്യാലയ ചരിത്രം

പെരിങ്ങമ്മല ജംഗ്ഷന് സമീപം കാർമ്മൽ കോളേജ് റോഡിൽ തെക്ക് വശത്തായി സ്ഥിതിചെയ്യുന്ന ആർ. സി. എൽ. പി. എസ്. കല്ലിയൂർ പഞ്ചായത്തിൽ ഉൾപ്പെട്ടതാണ്. 1903-ൽ നെടുംപോങ്ങ് വിളയിൽ ശ്രീ. മാർസില്ലാമണിയാണ് ഈ സ്കൂൾ സ്ഥാപിച്ചത്. ഇദ്ദേഹവും കുടുംബവും അക്കാലത്തിൽ ഇടിവെട്ടേറ്റ് അന്തരിച്ചതിനാൽ ഈ സ്ഥലത്തെ പിന്നീട് ഇടിവീണവിളയെന്ന് അറിയപ്പെട്ടിരുന്നു. ശ്രീ. എം. ജസ്റ്റസ് പ്രഥമാധ്യാപകനായിരിക്കെ സാമ്പത്തിക കാരണങ്ങളാൽ ആർ. സി. ചർച്ച് വികാരി റവ. ഫാദർ ജസ്റ്റിന് (വെൽജിയം) സ്കൂൾ വിലക്ക് കൊടുത്തു. അദ്ദേഹം ചർച്ചിനോടനുബന്ധിച്ച് നടത്തിയിരുന്ന 2 ക്ലാസ്സുകളും പുതിയ സ്കൂളിനോട് ചേർക്കുകയും ആർ. സി. എൽ. പി. എസ് രൂപം കൊള്ളുകയും ചെയ്തു. ഒരവസരത്തിൽ സ്കൂളിന്റെ മുൻവശത്തുള്ള വീട്ടിൽ വസൂരി ബാധിച്ചപ്പോൾ സ്കൂൾ പുഴയി എൽ. പി. എം. എസ് ചർച്ചിലേയ്ക്ക് മാറ്റിയിരുന്നു. സ്കൂൾ വികസനത്തിന് ജസ്റ്റസ് സാറിന്റെ മകൻ സ്റ്റീഫന് വക 15 സെന്റ് സ്ഥലം ചുരുങ്ങിയ വിലയ്ക്ക് വാങ്ങിയതിൽ പകുതി തുക നൃസമ്പാക്യം തിരുമേനി നൽകുകയുണ്ടായി. ആദ്യ പ്രഥമാധ്യാപകൻ എം. ജസ്റ്റസും ആദ്യ വിദ്യാർത്ഥി എസ്. കെ. സുരേന്ദ്ര പണിക്കരുമായിരുന്നു. ഡോക്ടർമാരാ

വിദ്യാർത്ഥികളിൽ ഉണ്ടായ പഠനവിടവ് നികത്തുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾക്കാണ് വിദ്യാലയം മുൻതൂക്കം നൽകേണ്ടത്. ഇത്തരത്തിൽ അക്കാദമിക് രംഗം കൂടുതൽ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് അക്കാദമിക് മാസ്റ്റർ പ്ലാനിന് രൂപം നൽകുന്നത്. 2025-2026 അധ്യയനവർഷത്തിൽ വിദ്യാലയം ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-2026 തയ്യാറാക്കിയിരിക്കുന്നത്.

# കാഴ്ചപ്പാട്

എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന ലക്ഷ്യങ്ങളും ധാരണകളും ശേഷിയും നൈപുണ്യവും മനോഭാവവും മൂല്യങ്ങളും ആർജ്ജിക്കാൻ അവസരമൊരുക്കുക. വരും കാലത്തിന്റെ പുരോഗതികളെ മുൻകൂട്ടി മനസ്സിലാക്കി ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി അധ്യയനം സാധ്യമാക്കുക.

പഠനവും ബോധനവും ആഹ്ലാദകരമായ അനുഭവമാക്കുക. സർഗ്ഗാത്മകമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

നിരന്തരവിലയിരുത്തലിലൂടെ പഠനവിടവുകൾ കണ്ടെത്തുകയും അവ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു.

സ്വയം പഠനം, സഹപഠനം എന്നിവ പ്രോത്സാഹിപ്പിക്കുക. സമ്പൂർണ്ണ ശുചിത്വം, പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസ് സൃഷ്ടിക്കുക.

പ്രകൃതി തന്നെ പാഠപുസ്തകം എന്ന ദർശനം ഉൾക്കൊള്ളുന്ന പാഠ്യപദ്ധതി രൂപപ്പെടുത്തുക.

കുട്ടികളുടെ മാനസികവും ശാരീരികവുമായ പ്രയാസങ്ങൾ തത്സമയം പരിഹരിക്കുന്നതിനുള്ള സംവിധാനങ്ങൾ വിദ്യാലയത്തിൽ തന്നെ ഉണ്ടാക്കുക.

സി. സുദേവൻ, ജയൻ, സുനിൽദത്ത്, കെ.എസ്.ഇ.ബി. മാനേജരായ എസ്. കെ. അശോകൻ എഞ്ചിനീയർമാരായ ജോൺ വിക്ടർ, സൈമൺ, രാജേഷ്, എന്നിവർ ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികളാണ്.

പ്രീപ്രൈമറി ഉൾപ്പെടെ 1 മുതൽ 4 വരെയുള്ള ക്ലാസ്സുകളാണ് ഇപ്പോൾ ഇവിടെയുള്ളത്. സ്കൂളിൽ ഇപ്പോൾ പ്രധാനഅധ്യാപിക ഉൾപ്പെടെ 4 അധ്യാപകരും 3 പ്രീപ്രൈമറി അധ്യാപികമാരും 1 ആയയും ഉണ്ട്. ഈ അധ്യയന വർഷത്തിൽ പ്രൈമറി വിഭാഗത്തിൽ 94 കുട്ടികളും പ്രീപ്രൈമറി വിഭാഗത്തിൽ 46 കുട്ടികളും പഠിക്കുന്നു.

# അവസ്ഥാവിശകലനം

2025- 2026 അധ്യയന വർഷത്തിൽ Pre-kg, LKG, UKG, 1 മുതൽ 4 വരെയുള്ള ക്ലാസുകളാണ് ഇവിടെ പ്രവർത്തിക്കുന്നത്. പ്രീ-പ്രൈമറിയിൽ 3 അധ്യാപകരും 1 മുതൽ 4 വരെ പ്രഥമാധ്യാപിക ഉൾപ്പെടെ 4 അധ്യാപകരുമാണ് ഈ വിദ്യാലയത്തിൽ സേവനമനുഷ്ഠിക്കുന്നത്.

100 വർഷത്തിലേറെ പഴക്കമുള്ള ഒരു വിദ്യാലയമാണിത്. സ്ക്രീൻ ഉപയോഗിച്ച് ക്ലാസ് മുറികൾ വിഭജിച്ചിരിക്കുന്നു. ലാബ്, ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നതിന് പ്രത്യേകമുറികൾ ഒന്നും തന്നെയില്ല. കുട്ടികൾക്ക് കളിക്കുന്നതിന് കളിസ്ഥലം ഇല്ല. ഒരു ചെറിയ പാർക്ക് സജ്ജീകരിച്ചിട്ടുണ്ട്. ഫലവൃക്ഷങ്ങൾ ഔഷധ തോട്ടങ്ങൾ പൂന്തോട്ടം, പച്ചക്കറിത്തോട്ടം എന്നിവ പരിപാലിച്ച് വരുന്നു. സ്വന്തമായി ഒരു School വാഹനമോ ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു കെട്ടിടമോ ഇല്ല.

ഓരോ കുട്ടിയിലും പഠനനേട്ടങ്ങൾ എത്തിക്കുന്നതിന്റെ ഭാഗമായി എല്ലാ ആഴ്ചയും SRG കൂടി പ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയും പാഠാസൂത്രണങ്ങൾ നടത്തുകയും ചെയ്യുന്നു. കുട്ടികളുടെ നിലവാരം മനസിലാക്കുന്നതിന് Pre-test നടത്തുകയും പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ കണ്ടെത്തുകയും അവർക്ക് പ്രത്യേക സമയം കണ്ടെത്തി പഠനവിടവുകൾ മെച്ചപ്പെടുത്തുന്നതിന് പ്രവർത്തനങ്ങൾ നൽകുന്നു.

ഓരോ ക്ലാസിലും കുട്ടികൾക്ക് ഗണിതത്തിലും, ഭാഷയിലും ആർജ്ജിക്കേണ്ട ലേഖനം, വായന, ചതുഷ്ക്രിയകൾ എന്നിവ ഉറപ്പിക്കുന്നതിന് വിവിധ തുടർപ്രവർത്തനങ്ങൾ നൽകുന്നു. ഓരോ ക്ലാസ് അധ്യാപകരും തങ്ങളുടെ ക്ലാസിലെ കുട്ടികളുടെ പഠന വിടവ് നികത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ കോർത്തിണക്കി കൊണ്ടാണ് സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാനിങ്ങ് തയ്യാറാക്കിയിരിക്കുന്നത്.

# പ്രവർത്തന കലണ്ടർ

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|
| - ഭവന സന്ദർശനം | ഏപ്രിൽ / | H.M |
| - കുട്ടിയെ അറിയാൻ | മെയ് | Teachers |
| - അക്ഷര വെളിച്ചം | | |
| - മലയാളത്തിളക്കം | ജൂൺ / | |
| - Hello English | ഡിസംബർ | |
| - ഗണിതം മധുരം | | |
| - ഉല്ലാസ ഗണിതം | | |
| - പോസ്റ്റർ തയ്യാറാക്കാം | | |
| - ഗണിത വിജയം | | |
| - ദിനാചരണങ്ങൾ | | |
| - വായനക്കൂട്ടം | | |
| - എഴുത്ത് കൂട്ടം | | |
| - പക്ഷി നിരീക്ഷണം | | |
| - നിരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ | | |
| - പരീക്ഷണങ്ങൾ | | |
| - പതിപ്പ് തയ്യാറാക്കൽ | | |
| - പച്ചക്കറിത്തോട്ടം | | |
| - ജൈവ വൈവിധ്യ ഉദ്യാനം | | |
| - ആൽബം തയ്യാറാക്കൽ | | |

# ദിനാചരണങ്ങൾ

ജൂൺ 5 - ലോക പരിസ്ഥിതി ദിനം

19 - വായനാദിനം

21 - യോഗാദിനം, സംഗീതദിനം

26 - ലഹരി വിരുദ്ധ ദിനം

ജൂലായ് 1 - ഡോക്ടേഴ്സ് ദിനം

5 - ബഷീർ ദിനം

11 - ലോക ജനസംഖ്യാ ദിനം

21 - ചാന്ദ്രദിനം

26 - കാർഗിൽ ദിനം

27 - അബ്ദുൾ കലാം ചരമദിനം

ആഗസ്റ്റ് 6 - ഹിരോഷിമാദിനം

7 - ദേശീയ കൈത്തറി ദിനം

9 - നാഗസാക്കിദിനം, ക്വിറ്റിന്ത്യാദിനം

15 - സ്വാതന്ത്ര്യദിനം

29 - ദേശീയ കായികദിനം

- കർഷക ദിനം ചിങ്ങം - 1

സെപ്റ്റംബർ 5 - ദേശീയ അധ്യാപകദിനം

8 - സാക്ഷരതാ ദിനം

14 - ഗ്രന്ഥശാല ദിനം

ഒക്ടോബർ 1 - ലോകവൃദ്ധ ദിനം

2 - ഗാന്ധിജയന്തി

15 - ലോക വിദ്യാർത്ഥി ദിനം, APJ ജന്മദിനം

നവംബർ 1 - കേരളപ്പിറവി

10 - അന്താരാഷ്ട്ര ശാസ്ത്രദിനം

14 - ശിശുദിനം

23 - ക്ഷീരദിനം

ഡിസംബർ 3 - ഭിന്നശേഷി ദിനം

5 - മണ്ണ് ദിനം

14 - ഊർജ്ജ സംരക്ഷണ ദിനം

ജനുവരി 1 - പുതുവർഷം

26 - റിപ്പബ്ലിക് ദിനം

30 - രക്തസാക്ഷി ദിനം

ഫെബ്രുവരി 2 - തണ്ണീർത്തട ദിനം

14 - Valentine's Day

മാർച്ച് 8 - വനിതാദിനം

# 2025-2026 അധ്യയന വർഷത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ

| ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ | ലക്ഷ്യം | ചുമതല |
|---|---|---|
| • ലൈബ്രറി നവീകരണം<br>• ഒരു കുട്ടി ഒരു പുസ്തകം<br>• റീഡിംഗ് റൂം സജ്ജീകരണം<br>• 50/25 കസേരകൾ | വായനാവാര സമാപനം കുട്ടികളിൽ വായനയുടെ മാഹാത്മ്യം മനസ്സിലാക്കൽ. ഒഴിവു സമയങ്ങളിൽ സ്വസ്ഥമായി ഇരുന്ന് വായിക്കുന്നതിന്. | PTA<br>Management<br>പൂർവ്വ വിദ്യാർത്ഥികൾ |
| • വിദ്യാലയത്തിന് ഒരു Printer come photo stat Machine | ഓഫീസ് ആവശ്യങ്ങൾക്കും ചോദ്യ worksheet കുട്ടികൾക്കായി നൽകുന്നതിന് അതിലൂടെ പഠനം ഉറപ്പിക്കുന്നതിന് L.S.S. സ്കോളർഷിപ്പ് പരീക്ഷയ്ക്കായി ഒരുക്കുന്നതിന് Previous Question paper Print എടുക്കുക. General body / Exicutive meeting അറിയിപ്പ് /notice, Noon Meal, bills (Salary Others) എന്നിവയ്ക്ക് ആവശ്യം | PTA<br>അഭ്യുദയകാംക്ഷികൾ |

## അക്കാദമിക സമഗ്ര ഗുണമേന്മ വിദ്യാഭ്യാസത്തിലൂടെ ലഭിക്കുന്ന അക്കാദമിക നേട്ടങ്ങൾ

* അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മ ഉറപ്പാക്കുക

* എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരം ഒരുക്കുക.

* പാഠ്യപദ്ധതി ലക്ഷ്യമിട്ട നിലവാരത്തിലുള്ള ധാരണകളും ശേഷികളും നേടിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തുക.

* കുട്ടിയുടെ പഠനനില അതാത് അവസരങ്ങളിൽ മനസിലാക്കി പഠന പിന്തുണ നൽകുക.

* മാതൃഭാഷയ്ക്കൊപ്പം English, Hindi തുടങ്ങിയ ഭാഷകളിൽ ആവശ്യമായ പിന്തുണ നൽകുക.

* ദിനാചരണങ്ങൾ യാന്ത്രികമാകാതെ അർത്ഥപൂർണ്ണമാക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.

* എല്ലാ ക്ലാസിലും ചാർട്ടിൽ പഠനലക്ഷ്യങ്ങൾ ശേഷികൾ എഴുതി പ്രദർശിപ്പിക്കണം.

* SRG, PTA ഇതിൽ ഇതിനെക്കുറിച്ച് ചർച്ച ചെയ്യണം.

* പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് Action Plan തയ്യാറാക്കി വയ്ക്കണം.

# മലയാളം

പ്രവർത്തനം : 1, 2

പേര് : പുസ്തകം എന്റെ ചങ്ങാതി, പൂന്തോട്ട നിർമ്മാണം, പച്ചക്കറിത്തോട്ടം

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | Remarks | Remarks |
|---|---|---|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക. | പുസ്തകങ്ങൾ ഷെൽഫിന് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുന്നതിനായി പ്രദർശിപ്പിക്കുന്നു. ലഘുവിവരണവും പ്രദർശിപ്പിക്കുന്നു. | ആഴ്ചയിൽ 1 ദിവസം (രണ്ട് പുസ്തകം) | ക്ലാസ് ടീച്ചർ | 1000 | | |
| കുട്ടികളിൽ പരിസ്ഥിതി സ്നേഹം വളർത്തുക | വിവിധ ഇടങ്ങളിൽ നിന്ന് ചെടികൾ ശേഖരിച്ച് പൂന്തോട്ടം നിർമ്മിക്കുക. | ആഴ്ചയിൽ 2 ദിവസം | ക്ലാസ് ടീച്ചർ SRG കൺവീനർ | 100 | — | — |

* SAS - പരിശീലനവുമായി ബന്ധപ്പെട്ട് short answer MCQ- തയ്യാറാക്കി കൊടുക്കണം.

* വിദ്യാലയാടിസ്ഥാനത്തിൽ SAS ന്റെ മോഡൽ Exam ഉണ്ടായിരിക്കും. അതിനായി ആശയം ശേഖരിക്കാനുള്ള ചോദ്യങ്ങൾ തയ്യാറാക്കണം.

* IT സാധ്യത പരമാവധി ഉപയോഗിക്കണം.

പ്രവർത്തനം : 3

പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ

ചുമതല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക | ഓരോ മാസവും ദിനങ്ങളിലും വിഷയത്തെക്കുറിച്ച് ഇംഗ്ലീഷിൽ ബുള്ളറ്റിൻ ഒരുക്കുക<br>ജൂൺ - പരിസ്ഥിതി<br>ജൂലൈ - ചന്ദ്രൻ<br>ആഗസ്റ്റ് - സ്വാതന്ത്ര്യദിനം<br>സെപ്തംബർ - ഓണം<br>ഒക്ടോബർ - ഗാന്ധിജയന്തി<br>നവംബർ - കേരളം<br>ഡിസം - ക്രിസ്തുമസ്<br>ജനുവരി - ന്യൂ ഇയർ | ഓരോ മാസവും | ക്ലാസ് ടീച്ചർ | |

# ഗണിതം

പ്രവർത്തനം : 1

പേര് : ഗണിത വർക്ക് ഷീറ്റ് തയ്യാറാക്കൽ

ഉപമേഖല : ഗണിത വർക്ക് ഷീറ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠനനേട്ടങ്ങൾക്കും എല്ലാ കുട്ടികളെയും അർഹരാക്കുക. | എല്ലാ ക്ലാസ് യൂണിറ്റിലേക്കും പഠനനേട്ടങ്ങൾ വിന്യസിപ്പിച്ചെടുത്ത് വർക്ക് ഷീറ്റ് തയ്യാറാക്കൽ | ഓരോ ടേമിന്റെയും തുടക്കത്തിൽ | S.S.G | 4000 |

പ്രവർത്തനം : 2


പേര് : ഗണിതലാബ്

ഉപമേഖല : ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതശേഷികൾ മുഴുവൻ കുട്ടികൾക്കും എത്തിക്കുക. | കുട്ടികൾക്ക് സ്വതന്ത്രമായി ഇടപഴകാൻ നിരന്തരമായി തരത്തിൽ ഗണിത ലാബ് സജ്ജമാക്കൽ | 2025-2026 | സ്കൂൾ മാനേജ്മെന്റ് | 15000 |

Sketch Plan RCLPS, Kalli.

Area 25 Cents




Plenth Area

| | |
|---|---|
| 50.00 m × 6.50 m | 325.0 $m^2$ |
| 4.00 m × 3.80 m | 15.2 |
| 6.90 m × 6.30 m | 43.7 |
| Total | 383.9 $m^2$ |